(ഇ) 2 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(എഫ്) പ്രത്യാഘാതങ്ങൾ അറിവായിട്ടില്ല.

ഹവാലയുടെ പേരിലുള്ള പോലീസ് പീഡനം

32 [3083] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹവാല കേസിന്റെ പേരുപറഞ്ഞ് പോലീസ് കരുനാഗപ്പള്ളിയിലെ ഗൾഫ് മലയാളികളേയും വസ്തു ഇടപാടുകാരേയും പീഡിപ്പിക്കുന്ന കാര്യം അന്വേഷിക്കുമോ;

(ബി) പോലീസിലെ പ്രത്യേക വിഭാഗത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിപ്പിക്കുമോ?

ഉത്തരം

(എ) ഹവാല കേസിന്റെ പേരുപറഞ്ഞ് പോലീസ് ആരെയും പീഡിപ്പിച്ചിട്ടില്ല.

(ബി) പോലീസിലെ ഏതെങ്കിലും ഒരു വിഭാഗത്തിന്റെ പ്രവർത്തനങ്ങളെകുറിച്ച് വിജിലൻസ് അന്വേഷണം നടത്തേണ്ടതിന്റെ ആവശ്യമില്ല. പ്രസ്തുത വിഭാഗങ്ങൾ നിയമപ്രകാരമാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ ഇതിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിൽ അഴിമതി ആരോപണങ്ങളോ മറ്റോ ഉണ്ടായാൽ അവ നിരീക്ഷിച്ച് ആവശ്യമാണെങ്കിൽ വിജിലൻസിന് അന്വേഷണത്തിനായി കൈമാറുകയും ചെയ്തുവരുന്നു.

വനിതാ സബ് ഇൻസ്പെക്ടർമാരുടെ നിയമനം

33 [3084] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സംസ്ഥാന പോലീസിൽ വനിതാ സബ് ഇൻസ്പെക്ടർമാരെ നേരിട്ട് നിയമിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) ജനസംഖ്യയുടെ പകുതിയിലധികം സ്ത്രീകൾ ഉണ്ടായിട്ടും, മറ്റ് സംസ്ഥാനങ്ങളിലൊക്കെ ഈ തസ്തികയിലേക്ക് വനിതകളെ നേരിട്ട് നിയമിച്ചിട്ടും, കേരളത്തിൽ മാത്രം വനിതാ സബ് ഇൻസ്പെക്ടർമാരെ നേരിട്ട് നിയമിക്കാത്തത് സ്ത്രീകളോട് കാണിക്കുന്ന വിവേചനമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തമിഴ്നാട് പോലെയുള്ള സംസ്ഥാനങ്ങളെ മാതൃകയാക്കി കേരളത്തിലും വനിതാ സബ് ഇൻസ്പെക്ടർമാരെ നേരിട്ട് നിയമിക്കണമെന്ന് കേരള വനിതാ കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പോലീസ് സ്റ്റേഷനുകളിലെങ്കിലും വനിതാ സബ് ഇൻസ്പെക്ടർ തസ്തിക പുതിയതായി സൃഷ്ടിക്കുവാനും ഈ തസ്തികയിലേക്ക് നേരിട്ട് നിയമനം നടത്തുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ സംസ്ഥാന പോലീസിൽ വനിതാ സബ് ഇൻസ്പെക്ടർമാരെ നേരിട്ട് നിയമിക്കാൻ തുടങ്ങിയിട്ടില്ല.

(ബി) ഈ പ്രശ്നം പരിശോധിക്കുന്നതാണ്.

(സി) ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഈ നിർദ്ദേശം പരിഗണിക്കുന്നതാണ്.

ഡെപ്യൂട്ടി കമാൻഡന്റ് പ്രൊമോഷൻ

34 [3085] ശ്രീ. പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആംഡ് പോലീസ് ബറ്റാലിയനുകളിൽ എത്ര അസിസ്റ്റന്റ് കമാൻഡന്റ്, ഡെപ്യൂട്ടി കമാൻഡന്റുമാരുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവരിൽ ഡെപ്യൂട്ടി കമാൻഡന്റുമാരായുള്ളവരെ ഉദ്യോഗക്കയറ്റം നൽകി കമാൻഡന്റുമാരായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനായി ഇപ്പോൾ എന്തെങ്കിലും നടപടികളുണ്ടോ;

(സി) ബറ്റാലിയനുകളിൽ ഉള്ളവർക്ക് ഐ.പി.എസ്. കൊടുക്കാതിരിക്കാൻ കാരണം എന്താണ്; ഇതിനെതിരെ സർക്കാർ ഉത്തരവുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അതിന്റെ ഉത്തരവു നമ്പരും തീയതിയും വെളിപ്പെടുത്താമോ;

(ഡി) ആംഡ് പോലീസ് ബറ്റാലിയനുകളിൽ നിന്ന് അവസാനമായി ഐ.പി.എസ്. കിട്ടിയവർ ആരൊക്കെ എന്ന് പേരു സഹിതം വെളിപ്പെടുത്തുമോ; എന്നാണ് അവസാനമായി ബറ്റാലിയൻകാർക്ക് ഐ.പി.എസ്. കൊടുത്തത്;

(ഇ) ഐ.പി.എസ്. ഇല്ലാത്ത എത്ര കമാൻഡന്റുമാർ ഇന്നു കേരളത്തിൽ ഉണ്ട്; ഇവർ ഏതൊക്കെ സ്ഥലങ്ങളിൽ സേവനം അനുഷ്ഠിക്കുന്നു എന്നു വിശദമാക്കാമോ?

ഉത്തരം

(എ) കേരളാ ആംഡ് പോലീസ് ബറ്റാലിയനിൽ 34 അസിസ്റ്റന്റ് കമാൻഡന്റുമാരും 8 ഡെപ്യൂട്ടി കമാൻഡന്റുമാരുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly